


ഈ അതിശ്രേഷ്ഠ ആശംസാസ്വരം കേൾക്കുമ്പോൾ ഹൃദയത്തിൽ മറ്റൊരിക്കലും അനുഭവിക്കാത്ത സ്വർഗ്ഗീയ സന്തോഷത്തിന്റെ തിരത്തള്ളൽ അനുഭവിക്കാത്തവർ ആരുണ്ട് ഈ ഭൂമിയിൽ?

പ്രകാശത്തിന്റെ ഉത്സവമെന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ക്രിസ്തുമസ് ബൈബിൾ വചനപ്രകാരം (ലൂക്കോസ് 2:10) സർവ്വജനത്തിനുമുണ്ടാകുവാനുള്ളോരു മഹാ സന്തോഷം കൂടിയാണ്.

പുതവൽസരമെന്നത് ഒരു കലണ്ടർ മാറ്റി പുതിയതൊന്ന് ഇടുന്നത് മാത്രമല്ല, ഒരു പുതിയ പ്രതീക്ഷ, പുതിയ പ്രത്യാശ, ഒരു പുതിയ തുടക്കത്തിനുവേണ്ടിയുള്ള മഹനീയ ഒരുക്കമാണ്. ആകയാൽ ജീവനോടിരിക്കുന്ന ഏതു മനുഷ്യനും നവോന്മേഷവും പുതിയ ചൈതന്യവും പ്രതീക്ഷയും പകരുന്നതാണ് ഓരോ ക്രിസ്തുമസും ന്യൂഇയറും.





## എന്താണ് ക്രിസ്തുമസ്?

പ്രപഞ്ചസ്രഷ്ടാവും സർവ്വശക്തനുമായ ദൈവം തന്റെ മഹത്വം സ്വർഗ്ഗത്തിൽ ഉരിഞ്ഞുവച്ച് ഒരു സാധാരണ മനുഷ്യനുള്ള എല്ലാ ബലഹീനതകളും സ്വയം ഏറ്റെടുത്ത്, പിതാവിന്റെ ഹിതം നിവർത്തിക്കുവാൻ സ്വമനസ്സോടെ താണ ഭൂമിയിലേക്കിറങ്ങിവന്നു. പ്രപഞ്ച ചരിത്രത്തിലെ ഏറ്റവും അദ്ഭുതവും അതിശയവും അനുഗ്രഹീതവുമായ ദിവസമത്രെ ഒന്നാമത്തെ ക്രിസ്തുമസ്.

ഒരു മതസ്ഥാപകന്റെ ജന്മദിനമല്ല ക്രിസ്തുമസ്. യേശു ക്രിസ്തു ഒരു മതവും സ്ഥാപിച്ചിട്ടില്ല. പാപികളെ രൂപാന്തരപ്പെടുത്തി ദൈവമക്കളാക്കി തന്റെ ശിഷ്യരാക്കുവാൻ സ്വർഗ്ഗം വിട്ടിറങ്ങി വന്ന ദൈവപുത്രനാണ് യേശു.

യേശുവിന്റെ ജനനത്തിങ്കൽ സ്വർഗ്ഗത്തിലെ ദൂതന്മാരുടെ സന്തോഷം സ്വർഗ്ഗത്തിൽ മാത്രം ഒതുക്കിയിരുത്താൻ കഴിഞ്ഞില്ല. അവരുടെ സന്തോഷം സ്വർഗ്ഗ മണ്ഡലം കവിഞ്ഞ് ഭൗമാന്തരീക്ഷത്തിലേക്ക് മുഴങ്ങിക്കേട്ടു. സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘം ചേർന്നു പാടി.

"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം
ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് സമാധാനം"

ആകയാൽ സകല മാനവരുമായുള്ളോരെ, ഈ നല്ല യേശു രക്ഷകനും കർത്താവും ക്രിസ്തുവുമായി ജനിച്ചിരിക്കയാൽ നമുക്കും സ്വർഗ്ഗീയ ദൂത സൈന്യത്തോടൊപ്പം ദൈവത്തിന് മഹത്വം കരേറ്റുവാനും ദൈവപ്രസാദമുള്ളവരായി ജീവിക്കുവാനും ഈ നല്ല യേശു മുഖാന്തരം ഈ ക്രിസ്തുമസ് മുതലെങ്കിലും സർവ്വശക്തൻ ഇടയാക്കട്ടെ!

**AD 2014 - Happy New Year**

## എന്താണ് പുതുവർഷം?

AD 2014 എന്നതിന്റെ പൂർണ്ണ രൂപം യേശുക്രിസ്തുവിന്റെ ഭരണ ആധിപത്യത്തിന്റെ 2014-ാം വർഷം എന്നാണ് ( Anno Dominy in the year of our Lord Jesus Christ). സ്വർഗ്ഗത്തിൽ സിംഹാസനം വച്ച് സകലത്തേയും ഭരിക്കുന്നവനാണ് ദൈവം. ഭൂമിയിലുള്ള സകല ആധിപത്യങ്ങളും ഭരണസിരാകേന്ദ്രങ്ങളും അത് ഈ ഭൂമിയിൽ എത്ര ശക്തമായിരുന്നാലും ഈ ആധിപത്യത്തിന് കീഴിൽ മാത്രമാണ്.

രാജ്യഭരണമായാലും, റവന്യൂവായാലും, ക്രമസമാധാനമായാലും, ആഭ്യന്തരമായാലും, ഉത്പാദനമായാലും, രാജ്യസംരക്ഷണമായാലും, എല്ലാം... എല്ലാ അധികാരകേന്ദ്രങ്ങളും സ്വർഗ്ഗത്തിലെ ഓഫീസിന് അത്യന്തം കീഴിൽ മാത്രം.

ആകയാൽ നാം പുതുവത്സരമാശംസിക്കുമ്പോൾ, Birth day ആഘോഷിക്കുമ്പോൾ നാമറിയാതെ സമ്മതിക്കുകയാണ്- നമ്മുടെ കർത്താവിന്റെ ഭരണ ആധിപത്യത്തിന്റെ ഒരു വർഷം കൂടെ പിന്നിടുവാൻ ദൈവമെന്നേ സഹായിച്ചില്ലേ!!!!!!!!

ആകയാൽ 2014-ലെ ഈ ക്രിസ്തുമസ് പുതുവത്സര ആഘോഷ സമയത്ത് സ്വർഗ്ഗീയ ദൂത സൈന്യത്തോടൊപ്പം നമുക്കോരോരുത്തർക്കും ഹൃദയം നിറഞ്ഞുകവിയുന്ന ആനന്ദത്തോടെ പരിശുദ്ധാത്മാവിലേ സന്തോഷത്തോടെ ഉച്ചത്തിൽ വിളിച്ചു പറയാം-

**Happy Christmas Happy New Year**

എനിക്കുവേണ്ടി രക്ഷകനായി യേശു പിറന്നല്ലോ!!

ജാതി മത വ്യത്യാസം കൂടാതെ ദൈവപ്രസാദമാഗ്രഹിക്കുന്ന
ഏവർക്കും തലശ്ശേരി അസംബ്ലീസ് ഓഫ് ഗോഡിന്റെ

**ക്രിസ്തുമസ് പുതുവത്സരാശംസകൾ**

ഫോൺ: 9400644232